Malayala Manorama 01-08-18, P-13

# നീരയ്ക്ക് ഇനി ഒരൊറ്റ രുചി

## നീരയിലെ ഘടകങ്ങളുടെ നിലവാര സൂചിക തയാറാക്കി; ആൽക്കഹോൾ ഇല്ല

**മനോരമ ലേഖകൻ**

തിരുവനന്തപുരം● സംസ്ഥാനത്തു വിവിധ ഇടങ്ങളിൽ വിൽക്കുന്ന നീരയ്ക്ക് ഇനി ഒരൊറ്റ രുചി. നീരയുടെ നിർമാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിലും നീരയിലും അടങ്ങിയിരിക്കേണ്ട ഘടകങ്ങളുടെ നിലവാര സൂചിക പട്ടിക കൃഷിവകുപ്പ് തയാറാക്കി. വ്യാജ നീര ഉൽപന്നങ്ങളുടെ വിപണനം തടയുകയും ആരോഗ്യ പാനീയം എന്ന നിലയിൽ ഏകീകൃത ബ്രാൻഡായി നീരയെ ഉയർത്തുകയുമാണു ലക്ഷ്യം.

തയാറാക്കിയ മാനദണ്ഡമനുസരിച്ചു നീരയിൽ ഒരു തുള്ളി പോലും ആൽക്കഹോളിന്റ അംശം ഉണ്ടാകില്ല. എന്നാൽ, അമിനോ ആസിഡുകൾ, ധാതുക്കൾ, പ്രോട്ടീൻ, വൈറ്റമിൻ എന്നിവ സമൃദ്ധമാണ്. ഗുണനിലവാരം ഏകീകരിക്കുന്നതിനെക്കുറിച്ചു പഠിക്കാൻ രണ്ടു വിദഗ്ധസമിതികളെ മന്ത്രി വി.എസ്. സുനിൽകുമാർ നിയോഗിച്ചിരുന്നു.

നീരയ്ക്ക് പുതിയ പേരും ലോഗോയും സമിതിയുടെ പരിഗണനയിലാണ്. നാളികേര വികസന ബോർഡ്, കേന്ദ്ര നാണ്യവിള ഗവേഷണ കേന്ദ്രം, കാർഷിക സർവകലാശാല എന്നീ സ്ഥാപനങ്ങളുടെ മൂന്നു സാങ്കേതികവിദ്യകളാണ് നീര ഉൽപാദനത്തിന് ഉപയോഗിക്കുന്നത്. നീര ഉൽപാദിപ്പിക്കുന്ന 29 കമ്പനികൾക്ക് അടുത്ത സാമ്പത്തികവർഷം നാളികേര മിഷൻ പദ്ധതിയുടെ ഭാഗമായി പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കും. ടെട്രാ പായ്ക്കിങ്ങിനും വിപണനത്തിനും സർക്കാർ സഹായം നൽകും.



## നീരയിൽ ഇവ

(100 മില്ലി ലീറ്ററിൽ)

പഞ്ചസാര 12- 15 ഗ്രാം

പ്രോട്ടീൻ 150- 200 മില്ലി ഗ്രാം

വൈറ്റമിൻ സി 10- 15 മില്ലി ഗ്രാം

പൊട്ടാസ്യം 105- 200 മില്ലി ഗ്രാം

സോഡിയം 30- 60 മില്ലി ഗ്രാം

കാൽസ്യം 4- 5 മില്ലി ഗ്രാം

ഫോസ്ഫറസ് 2- 4 മില്ലി ഗ്രാം

ഇരുമ്പ് 50- 100 മില്ലി ഗ്രാം

സിങ്ക് 20- 30 മില്ലി ഗ്രാം